# Malayala Maorama
# 25 August 2018
# Thirvanathpuram; After Flood, Lack Of Coordination, Disaster Management

## പ്രളയം: സർക്കാരിന്റെ വീഴ്ചകൾ ആഘാതം കൂട്ടിയെന്ന് പ്രേമചന്ദ്രൻ

മനോരമ ലേഖകൻ

തിരുവനന്തപുരം● പ്രളയദുരന്തത്തിന്റെ ആഘാതം പതിന്മടങ്ങു വർധിപ്പിച്ചതു സർക്കാരിന്റെ വീഴ്ചകളാണെന്നു മുൻ ജലവിഭവമന്ത്രി എൻ.കെ.പ്രേമചന്ദ്രൻ എംപി. ദുരന്തത്തിന്റെ വ്യാപ്തി കൂട്ടിയതിന്റെ ഉത്തരവാദിത്തത്തിൽ നിന്നു സർക്കാരിന് ഒഴിഞ്ഞുമാറാനാവില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവു മുഖ്യമന്ത്രിയുടെ പ്രസ്താവനയും ശാസ്ത്രലോകത്തിന്റെ അവലോകനവും കണക്കുകളും തന്നെയാണ്.

ന്യൂനമർദം രൂപപ്പെടുമെന്ന മുന്നറിയിപ്പും ശക്തമായ മഴയുണ്ടാകുമെന്ന കാലാവസ്ഥാ പ്രവചനവും ലഭിച്ച ശേഷവും ദുരന്തനിവാരണത്തിനു സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. ദുരന്തമുണ്ടായ ശേഷം ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയല്ല സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ചുമതല. അണക്കെട്ടുകളിൽ ജലനിരപ്പ് പരമാവധി സംഭരണ ശേഷി എത്തുന്നതുവരെ കാത്തിരിക്കാതെ നിരപ്പു ക്രമാനുഗതമായി കുറയ്ക്കാനുള്ള നടപടികളാണു വേണ്ടിയിരുന്നത്. സംസ്ഥാനം അത്തരമൊരു നടപടി സ്വീകരിച്ചില്ല.

ദുരന്ത നിവാരണ പ്രവർത്തനങ്ങളിലെ ഏകോപനമില്ലായ്മയും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ കാര്യക്ഷമതയില്ലായ്മയുമാണു ദുരന്തത്തിന്റെ ആഘാതം വർധിപ്പിച്ചത്.

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ വിഷയം സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നു ഗുണപരമായ മാറ്റമുണ്ടാക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണമെന്നും പ്രേമചന്ദ്രൻ ആവശ്യപ്പെട്ടു.